# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7453 — 14/7/2014 ൽ മറുപടിയ്ക്ക്

## കീടനാശിനികൾ ചേർത്ത പഴം, പച്ചക്കറി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) പഴം പച്ചക്കറികളിലെ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിന് കൃഷി വകുപ്പ് മുഖേന എന്തൊക്കെ പരിശോധനകളാണ് നടത്താറുള്ളത് ; വിശദാംശം നൽകുമോ ; | (എ) പഴം പച്ചക്കറികളിലെ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിന് കൃഷി വകുപ്പ് കാർഷിക സർവ്വകലാശാലയും ചേർന്ന് 'സേഫ്റ്റു ഈറ്റ്' പദ്ധതി നടപ്പിലാക്കുന്നു. തിരുവനന്തപുരത്തെ പച്ചക്കറി കടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ കാസർഗോഡ്, പച്ചക്കറി ചന്തകൾ എന്നിവിടങ്ങളിൽ നിന്നായി ഓരോ മാസവും 50 മുതൽ 60 ഇനം പച്ചക്കറികളുടെ നൂറോളം സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ എത്തിച്ചാണ് പരിശോധന നടത്തുന്നത്. വിവിധ പച്ചക്കറികളിൽ കണ്ട കീടനാശിനികളുടെ വിഷാംശം സംബന്ധിച്ചുള്ള വിശദമായ കണക്കുകൾ കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ് എന്നിവയുടെ വെബ് സൈറ്റിൽ കൊടുക്കുന്നു. |
| (ബി) വിഷാംശ രഹിതമായ പഴം, പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ പ്രോത്സാഹനമാണ് നൽകി വരുന്നത് ? | (ബി) ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ കീടനാശിനികളോ രാസവളങ്ങളോ ഉപയോഗിക്കാതെയുള്ള ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഓർഗാനിക് ഫാമിംഗ് പദ്ധതിയുടെ കീഴിൽ ബോധവത്കരണം, സെമിനാറുകൾ, കമ്പോസ്റ്റ് നിർമ്മാണം, കർഷക ക്ലസ്റ്ററുകൾക്ക് പ്രോത്സാഹനം എന്നിവ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ